# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 22**

---

## ബോധവൽക്കരണ പരിപാടി നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്(ഐയുസിഡിഎസ്) ഓൾ കേരള പേരൻറ്സ് അസോസിയേഷൻ ഫോർ ഹിയറിംഗ് ഇംപയേർഡ്(എകെപിഎഎച്ച്ഐ)മായി സഹകരിച്ച് ഭിന്നശേഷിക്കാർക്കായി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

സർവകലാശാല അസംബ്ലി ഹാളിൽ നടന്ന ചടങ്ങിൽ രജിസ്ട്രാർ ഡോ. കെ ജയചന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. ഐയുസിഡിഎസ് ഡയറക്ടർ ഡോ. പി.ടി ബാബുരാജ് അധ്യക്ഷത വഹിച്ചു. ബേബി ജോസഫ്, അഡ്വ. എൻ.ടി ബോസ്, എ.എസ്. സരിക, എം.എൻ. അമ്പളി എന്നിവർ സംസാരിച്ചു.

ഭിന്നശേഷി അവകാശ നിയമങ്ങളെക്കുറിച്ച് പ്രഫ. പി.ടി. ബാബുരാജും ഉന്നത വിദ്യാഭ്യാസ മേഖലയിലെ തൊഴിൽ അവസരങ്ങളെക്കുറിച്ച് എകെപിഎഎച്ച്ഐ സെക്രട്ടറി എ. ഷണ്മുഖവും ക്ലാസെടുത്തു.

(പി.ആർ.ഒ/39/387/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ജൂൺ മൂന്നിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എംപിഇഎസ്(ദ്വിവത്സര പ്രോഗ്രാം- 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് മെയ് 24 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

മെയ് 27 വരെ ഫൈനോടു കൂടിയും മെയ് 28ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

.................................

ഏഴാം സെമസ്റ്റർ ഐഎംസിഎ(2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), ഏഴാം സെമസ്റ്റർ ഡിഡിഎംസിഎ(2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മെയ് 29 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ജൂൺ ഒന്നു വരെ ഫൈനോടു കൂടിയും ജൂൺ നാലു വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

..................................

ജൂൺ 24ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എംഎ സിറിയക്(സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ജൂൺ അഞ്ചു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ജൂൺ ആറിനു ഫൈനോടു കൂടിയും ജൂൺ ഏഴിനു സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/388/2024)

## പരീക്ഷാ തീയതി

ഒന്നു മുതൽ നാലു വരെ വർഷ ബിഎസ്സി എംഎൽടി(2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് 2008-2013 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 19ന് തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

..................................

ഒന്ന്, രണ്ട്, മൂന്ന്, നാല് വർഷ ബിപിടി(2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2008-2013 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 19ന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..................................

ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി(2008-2014 അഡ്മിഷനുകൾ ഫൈനൽ മെഴ്സി ചാൻസ്) കോഴ്സിൻറെ ഒന്നാം വർഷ പരീക്ഷകൾ ജൂൺ 19നും രണ്ടാം വർഷ പരീക്ഷകൾ ജൂൺ 28നും മൂന്നാം വർഷ പരീക്ഷകൾ ജൂലൈ എട്ടിനും ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/389/2024)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ബയോസയൻസസ് ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി ഡിഗ്രി ഇൻ ഫാക്കൽറ്റി ഓഫ് സയൻസ്(മൈക്രോബയോളജി, ബയോടെക്നോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ്) 2022-2024 ബാച്ച് റഗുലർ, 2021-2023 ബാച്ച് റീഅപ്പിയറൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് സ്കൂൾ ഡയറക്ടറുടെ കാര്യാലയത്തിൽ ജൂൺ ആറു വരെ സമർപ്പിക്കാം.

(പി.ആർ.ഒ/39/390/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**